**കേരള എക്സൈസ് വകുപ്പ്**
**"മാതൃഭാഷ-മലയാളം"**
File No: EXC/1884/2021-XA3

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 03/05/2021
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ:0471-2332632

**സർക്കുലർ നം-EXC15/2021/EXCISE**

വിഷയം: എൻ.ഡി.പി.എസ്/ അബ്കാരി കേസുകളുടെ വിചാരണയിൽ കാണപ്പെടുന്ന പൊതുവായ പിഴവുകളും പാളിച്ചകളും- ശ്രദ്ധിക്കേണ്ട വസ്തുതകൾ - സംബന്ധിച്ച്.

സൂചന:

എൻ.ഡി.പി.എസ്, അബ്കാരി കേസുകളുടെ വിചാരണയിൽ , ഇത്തരം കേസുകൾ കണ്ടുപിടിക്കുമ്പോഴും അന്വേഷണ ഘട്ടത്തിലും ഉണ്ടാകുന്ന പലതരത്തിലുള്ള നിയമപരവും, സാങ്കേതികവുമായ പിഴവുകൾ മൂലം പ്രോസിക്യൂഷൻ കേസ് പരാജയപ്പെടുകയും പ്രതികൾ കുറ്റവിമുക്തരാകുകയും ചെയ്യുന്നുണ്ട്. ഇത്തരത്തിലുള്ള ചില കേസുകളിലെ വിധിന്യായം പരിശോധിച്ചതിൽ കാണപ്പെട്ടതും, പൊതുവായതുമായ ചില പ്രധാന പാളിച്ചകളും പിഴവുകളും താഴെ ചേർക്കുന്നു. ഇവയിൽ നിന്നും പാഠമുൾക്കൊണ്ട്, ആവർത്തിക്കാതിരിക്കാൻ ഓരോ ഉദ്യോഗസ്ഥരും പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്. ഈ സർക്കുലർ സി.ഇ.ഒ മുതലുള്ള എല്ലാ ഉദ്യോഗസ്ഥരുടെയും ശ്രദ്ധയിൽ കൊണ്ടുവരാൻ ഡെപ്യൂട്ടി കമ്മീഷണർമാർ വ്യക്തിപരമായി ശ്രദ്ധിക്കേണ്ടതാണ്.

| പിഴവ് | ശരിയായ രീതി |
|---|---|
| 1. പ്രതി താമസിച്ചുകൊണ്ടിരുന്ന വീടിന്റെ കോമ്പൗണ്ടുകളിൽ ഗഞ്ചാവ് കൃഷിചെയ്യുന്നതായി വീട്ടുടമ രേഖാമൂലം ശ്രീകണ്ഠാപുരം എക്സൈസ് റെയ്ഞ്ച് ഓഫീസർക്ക് പരാതി നൽകി. അദ്ദേഹം അതിന്റെ ചുരുക്കം രേഖപ്പെടുത്തി 42(2) പ്രകാരമുള്ള റിപ്പോർട്ട് മേലുദ്യോഗസ്ഥന് നൽകി. റിപ്പോർട്ടിലും, പരാതിയിലും ഉള്ള വിവരണങ്ങളിൽ ചില വ്യത്യാസങ്ങൾ ഉണ്ടായിരുന്നു. 42(2) പാലിച്ചില്ലാ എന്ന് കോടതി വിലയിരുത്തി. (SC.84/2016 സ്പെഷ്യൽ കോടതി, വടകര) | 1. രേഖാമൂലം ലഭിക്കുന്ന പരാതിയുടെ പകർപ്പ് അതേപടി മേലുദ്യോഗസ്ഥന് 72 മണിക്കൂറിനുള്ളിൽ നൽകിയാൽ മതി. അത് ചുരുക്കി എഴുതാൻ പാടില്ല. എഴുതുകയാണെങ്കിൽ പരാതിയിലുള്ള വിവരം അതേപടി പകർത്തേണ്ടതാണ്. |
| 2. ചെങ്ങന്നൂർ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ പട്രോളിംഗിനിടയിൽ ഒരു മോട്ടോർ ബൈക്കിൽ സംശയാസ്പദമായി സഞ്ചരിച്ചുവന്ന രണ്ടുപേരെ തടഞ്ഞു നിർത്തി പൊതുസ്ഥലത്തുവച്ച് പരിശോധിക്കവേ മോട്ടോർ ബൈക്ക് ഓടിച്ച് വന്ന ആൾ കടന്നു | 2. പൊതുസ്ഥലത്ത് നിന്നും മുൻകൂർ വിവരം ഇല്ലാതെ നാർക്കോട്ടിക് ഡ്രഗ് പിടിച്ചെടുക്കുകയാണെങ്കിൽ 42(2) പ്രകാരം മേലുദ്യോഗസ്ഥന് റിപ്പോർട്ട് നൽകേണ്ടതില്ല. എന്നാൽ ഒരു പ്രതിയുടെ മൊഴിയുടെ |

| | |
|---|---|
| കളയുകയും, പുറകിൽ ഇരുന്ന ആളിൽ നിന്നും ഒരു പ്ലാസ്റ്റിക് കവറിൽ സൂക്ഷിച്ചിരുന്ന 515 ഗ്രാം ഗഞ്ചാവ് കണ്ടെടുക്കുകയും ചെയ്തു. ടിയാനെ ഒന്നാം പ്രതിയായി അറസ്റ്റ ചെയ്തു. അറസ്റ്റ് ചെയ്യപ്പെട്ട പ്രതിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ വാഹനം ഓടിച്ചിരുന്ന രണ്ടാം പ്രതിയുടെ വീട്ടിൽ നിന്നും 250 ഗ്രാം ഗഞ്ചാവും, വീട്ടുമുറ്റത്ത് വച്ചിരുന്ന സ്കൂട്ടറിൽ നിന്നും 245 ഗ്രാം ഗഞ്ചാവും കണ്ടെടുത്തു.<br>ഒന്നാം പ്രതിയുടെ അറസ്റ്റും, ഗഞ്ചാവ് കണ്ടെടുക്കലും 43-ാം വകുപ്പ് പ്രകാരമായിരുന്നുവെങ്കിലും, രണ്ടാം പ്രതിയുടെ വീട് പരിശോധിച്ചത് ഒന്നാം പ്രതി നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ ആയിരുന്നു. അതായത് രണ്ടാം പ്രതിയുടെ വീട് പരിശോധന നടത്തുന്നതിന് മുൻപ് ഉദ്യോഗസ്ഥന് വിവരം ഉണ്ടായിരുന്നതിനാൽ 42(2) പ്രകാരം മേലുദ്യോഗസ്ഥന് 72 മണിക്കൂറിനുള്ളിൽ വിവരം നൽകണമായിരുന്നു. അത് നൽകാത്തത് നടപടിക്രമത്തിലെ വീഴ്ചയായി കോടതി വിലയിരുത്തി. (SC.441/2016 അസി. സ്പെഷ്യൽ കോടതി-1, മാവേലിക്കര) | അടിസ്ഥാനത്തിൽ മറ്റൊരു പ്രതിയിൽ നിന്നും റിക്കവറി നടത്താൻ പോകുമ്പോൾ പ്രതിയിൽ നിന്നും കിട്ടിയ വിവരം 42(1) വകുപ്പ് പ്രകാരമുള്ള മുൻകൂർ വിവരം ആയി കണക്കാക്കി 42(2) വകുപ്പ് പ്രകാരം 72 മണിക്കൂറിനുള്ളിൽ മേലുദ്യോഗസ്ഥന് വിവരം നൽകണം. |
| 3. 12.08.2014 തീയതി വൈകിട്ട് 3 മണിക്ക് പ്രതിയെ, തുറവൂർ റെയിൽവേ സ്റ്റേഷനിലേക്ക് പോകുന്ന വഴിയിൽ 218 ഗ്രാം ചരസ്സുമായി കാണപ്പെട്ട് അറസ്റ്റ് ചെയ്തു. ടിയാന്റെ ദേഹം 50-ാം വകുപ്പ് പ്രകാരം പരിശോധന നടത്താൻ തുടങ്ങിയ ചേർത്തല സർക്കിൾ ഇൻസ്പെക്ടർ പ്രതിയോട്, "നിങ്ങളുടെ ദേഹപരിശോധന നടത്തേണ്ടതുണ്ട് എന്നും ആയതിന് മറ്റൊരു ഗസറ്റഡ് ഓഫീസറുടേയോ, മജിസ്ട്രേറ്റിന്റെയോ സാന്നിദ്ധ്യം ആവശ്യപ്പെടാവുന്നതാണ്" എന്ന് ടിയാനെ പറഞ്ഞു മനസ്സിലാക്കി എന്നാണ് പറഞ്ഞിട്ടുള്ളത്. അതുപോലെ കോടതിയിൽ മൊഴി നൽകിയ സമയം, "പ്രതിയുടെ ദേഹപരിശോധന നടത്തുന്നതിനായി ഒരു ഗസറ്റഡ് ഓഫീസറുടെ സാന്നിദ്ധ്യം ആവശ്യപ്പെടാൻ അർഹതയുണ്ട് എന്ന് അറിയിച്ചു" എന്നുമാണ് മൊഴി നൽകിയത്. കോടതി വിധിന്യായത്തിൽ പറഞ്ഞിട്ടുള്ളത്, പ്രതിയുടെ ദേഹപരിശോധനയ്ക്ക് ഗസറ്റഡ് ഓഫീസറുടേയോ, മജിസ്ട്രേറ്റിന്റെയോ സാന്നിദ്ധ്യം പ്രതിയുടെ 'നിയമപരമായ' അവകാശമാണ്, ഉദ്യോഗസ്ഥന്റെ ഔദാര്യമല്ല. | 3. 42-ാം വകുപ്പ് പ്രകാരം ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ 41, 42, 43 വകുപ്പുകൾ പ്രകാരം ഉള്ള കേസിലേക്ക് സംശയിക്കപ്പെടുന്ന ഒരു വ്യക്തിയുടെ ദേഹം 50-ാം വകുപ്പ് പ്രകാരം പരിശോധിക്കുകയാണെങ്കിൽ, അയാളോട് അദ്ദേഹത്തിൻറെ ദേഹം ഒരു ഗസറ്റഡ് ഓഫീസറുടേയോ മജിസ്ട്രേറ്റിൻറേയോ മുൻപിൽ വച്ച് പരിശോധിക്കപ്പെടുവാൻ നിയമപരമായി അധികാരമുണ്ട് എന്ന് വ്യക്തവും, അയാൾക്ക് മനസ്സിലാകുന്നതുമായ ഭാഷയിൽ പറഞ്ഞു മനസ്സിലാക്കണം. അത് ഉദ്യോഗസ്ഥൻറെ ഔദാര്യമല്ല, പ്രതിയുടെ നിയമപരമായ അവകാശമാണ്. |

| | |
|---|---|
| 'നിയമപരമായ' എന്ന വാക്ക് ഉപയോഗിച്ചില്ലായെന്നും, മൊഴി നൽകിയ സമയം 'മജിസ്ട്രേറ്റിന്റെയോ' എന്ന ഭാഗം വിട്ടു എന്ന് കോടതി കണ്ടെത്തുകയും 50(1) വകുപ്പ് പാലിക്കപ്പെട്ടിട്ടില്ലായെന്നും കണ്ടെത്തി. സ്റ്റേറ്റ് ഓഫ് ഡെൽഹി vs അവതാർ @ രാമ vs 2011-12, SC 207 ൽ പറഞ്ഞത് പ്രതിയുടെ നിയമപരമായ അവകാശമാണെന്ന് പറയാതെ വെറുതെ, പ്രതിയോട് ഗസറ്റഡ് ഓഫീസറുടേയോ, മജിസ്ട്രേറ്റിൻറേയോ മുന്നിൽ വച്ച് ദേഹപരിശോധന നടത്താൻ താൽപര്യമുണ്ടോ എന്ന് ചോദിച്ചാൽ 50-ാം വകുപ്പ് പാലിച്ചതായി കാണാൻ ആകില്ലായെന്നാണ്. (SC No.857/2015 അഡീഷണൽ സെഷൻസ് കോടതി-1, ആലപ്പുഴ) | |
| **4.** 13.04.2014 വൈകിട്ട് 5.10 മണിയോടെ കായംകുളം ഭാഗത്ത് വാഹന പരിശോധന നടത്തവേ KL-03-H-522 സ്കൂട്ടർ കൈകാണിച്ചു നിർത്താൻ ശ്രമിച്ചെങ്കിലും നിർത്താതെ പോകുകയും തുടർന്ന് ഉപേക്ഷിക്കപ്പെട്ട നിലയിൽ കാണപ്പെട്ട വാഹനത്തിൻറെ സീറ്റിനടിയിലെ ക്യാബിനിൽ നിന്നും 1.8 കി.ഗ്രാം ഗഞ്ചാവ് കണ്ടെടുക്കുകയും ചെയ്തു. അന്വേഷണ ഉദ്യോഗസ്ഥൻ RC ഓണറെ അറസ്റ്റ് ചെയ്യുകയും, ചാർജ്ജ് ഷീറ്റ് ഹാജരാക്കുകയും ചെയ്തു. സാക്ഷികൾ ആരും തന്നെ പ്രതിയെ തിരിച്ചറിഞ്ഞില്ല. RC ഉടമ ആയിരുന്നു എന്നുള്ളത് ഒരാളെ എൻഡിപിഎസ് കേസിൽ പ്രതിയാകാൻ മതിയായ കാരണം അല്ല എന്ന് കോടതി കണ്ടെത്തി. (SC.72/2016 അഡീഷണൽ സെഷൻസ് കോടതി-1, മാവേലിക്കര) | **4.** പ്രതിയെ തൊണ്ടിമുതലിനോടൊപ്പം അറസ്റ്റ് ചെയ്യാൻ ആയിട്ടില്ലായെങ്കിൽ, പ്രതി ആണ് എന്ന് സ്ഥാപിക്കുന്നതിന് മതിയായ ശാസ്ത്രീയമായുള്ള തെളിവുകൾ കൂടി ഹാജരാക്കേണ്ടതുണ്ട്. (CDR, identification parade, etc..) |
| **5.** 13.04.2013 തീയതി പകൽ 10.30 മണിക്ക് കൽപറ്റ എക്സൈസ് ഇൻസ്പെക്ടർ മേപ്പാടി - ചെമ്പോത്ര റോഡിൽ മേപ്പാടി ജംങ്ഷന് സമീപത്തു നിന്നും 4.5 കി.ഗ്രാം ഗഞ്ചാവുമായി പ്രതിയെ അറസ്റ്റു ചെയ്തു.<br><br>1. പ്രതിയുടെ ദേഹം പരിശോധിച്ച് കേസ് കണ്ടെടുത്ത എക്സൈസ് ഇൻസ്പെക്ടർ പ്രതിയുടെ ദേഹം പരിശോധനയ്ക്കുള്ള അവകാശം പറയുകയും, "എന്നാൽ ഗസറ്റഡ് | **5.** NDPS ആക്ട് 50-ാം വകുപ്പ് പ്രകാരം പ്രതിയുടെ ദേഹപരിശോധന നടത്തേണ്ടത് ഗസറ്റഡ് ഓഫീസറുടേയോ മജിസ്ട്രേറ്റിൻറേയോ സാന്നിദ്ധ്യത്തിൽ ആയിരിക്കണം. 50-ാം വകുപ്പ പ്രകാരമുള്ള സമ്മതപത്രം, ശരീരം പരിശോധിച്ച് തയ്യാറാക്കുന്ന മഹസ്സർ, ശോധന ലിസ്റ്റ്, അറസ്റ്റ് മെമ്മോ എന്നിവകളിൽ ഇവ പ്രതിയുടേതായ സമ്മതം, പേര് ഇവ |

| | |
|---|---|
| ഓഫീസറുടേയും, മജിസട്രേറ്റിൻറേയും സാന്നിദ്ധ്യം ആവശ്യമില്ല," എന്ന് പ്രതി എഴുതി നൽകി. എന്നാൽ ഈ എഴുതി നൽകിയ പ്രതിയുടെ കൈയ്യക്ഷരവും , ബോഡി സെർച്ച് മഹസ്സർ, അറസ്റ്റ് മെമ്മോ, ഇൻസ്പെക്ഷൻ മെമ്മോ എന്നിവയിലെ കൈയ്യക്ഷരങ്ങളും , പ്രതിയുടേത് എന്ന് ഇൻസ്പെക്ടർ ചീഫിൽ പറഞ്ഞുവെങ്കിലും ക്രോസിൽ പല കൈയ്യക്ഷരങ്ങൾ ആണെന്ന് പറഞ്ഞു. ഇക്കാരണത്താൽ 50-ാം വകുപ്പ് പാലിച്ചില്ലാ എന്ന് കോടതി കണ്ടെത്തി.<br><br>2. ബാലൻസ് ഗഞ്ചാവും, ട്രോളിയും സീൽ ചെയ്ത് പ്രതിയും, സാക്ഷികളും, ഇൻസ്പെക്ടറും ഒപ്പിട്ട ലേബൽ ഒട്ടിച്ചു എന്ന് പറഞ്ഞുവെങ്കിലും , കോടതിയിൽ ഹാജരാക്കിയ തൊണ്ടിമുതലുകളിൽ (M.O-1, M.O-2) അപ്രകാരം ലേബൽ കണ്ടില്ല.<br><br>3. ഇൻസ്പെക്ടറും, അന്വേഷണ ഉദ്യോഗസ്ഥനും കൃത്യസ്ഥലം പറഞ്ഞത് വ്യത്യസ്തമായിട്ടായിരുന്നു. ഇക്കാരണത്താൽ കോടതിയിൽ പ്രോസിക്യൂഷന് കേസ് സംശയാസ്പദമായി തെളിയിക്കാൻ ആയില്ല എന്ന് പറഞ്ഞ് കേസ് വെറുതെ വിട്ടു.<br><br>(SC.71/2013 NDPS, court, വടകര). | എഴുതുന്ന കൈയ്യക്ഷരവും , പ്രതിയുടേതായ ഒപ്പുകളും തമ്മിൽ വ്യത്യസ്തപ്പെടാതെ നോക്കേണ്ടത് അനിവാര്യമാണ്. ഈ നിയമപ്രകാരമുള്ള പ്രതിയുടെ അവകാശം പ്രതിയെ പറഞ്ഞ് ബോദ്ധ്യപ്പെടുത്തണം. അതുപോലെ മുതലുകൾ കോടതിയിൽ ഹാജരാക്കുമ്പോൾ ജാഗ്രത പുലർത്തേണ്ടതും കേസ് കണ്ടുപിടിച്ച ഉദ്യോഗസ്ഥനും, അന്വേഷണ ഉദ്യോഗസ്ഥനും കോടതി മുമ്പാകെ മൊഴി നൽകുന്നതിനു മുമ്പ് സിഡി ഫയൽ നോക്കി കൃത്യ സ്ഥലം മനസ്സിലാക്കുന്നത് ഉചിതമായിരിക്കും. |
| **6.** 07.03.2017 തീയതി പകൽ 2 മണിക്ക് പ്രതി കോട്ടയം മുൻസിപ്പാലിറ്റിയിലുള്ള പ്രതിയുടെ വീടിൻറെ കോമ്പൗണ്ടിൽ ഒരു ചട്ടിയിൽ ഗഞ്ചാവ് വളർത്തുന്നത് കണ്ട് അറസ്റ്റ ചെയ്തു. പ്രതിയുടെ അമ്മയുടെ പേരിലുള്ള വസ്തുവും അമ്മ താമസിക്കുന്ന വീടും ഉൾപ്പെട്ട റോഡരികിലുള്ള, മതിലുള്ള, എന്നാൽ ഗേറ്റില്ലാത്ത കോമ്പൗണ്ടിനുള്ളിൽ ഒരു ചെടിച്ചട്ടിയിൽ മറ്റൊരു ചെടിയോടൊപ്പം ആണ് ഗഞ്ചാവ് കാണപ്പെട്ടത്. പ്രതി നട്ടുവളർത്തിയതാണ് എന്ന് തെളിയിക്കുന്നതിന് കഴിയാത്തതിനാൽ സംശയത്തിൻറെ ആനുകൂല്യം പ്രതിക്ക് നൽകി കേസ് വിട്ടയക്കപ്പെട്ടു. (SC.29/2018 NDPS Court, തൊടുപുഴ) | **6.** ബഹു. സുപ്രീം കോടതി അൽക്ക റാം VS സ്റ്റേറ്റ് ഓഫ് ഉത്തർ പ്രദേശ് AIR 2004 (SC) 2907 എന്ന കേസിൽ പറഞ്ഞത്, പ്രതിയെ കുറ്റക്കാരനായി കാണണം എന്നുണ്ടെങ്കിൽ, പ്രതി ഗഞ്ചാവ് കൃഷിചെയ്തു എന്ന് തെളിയിക്കണം . പ്രതിയുടെ പുരയിടത്തിൽ ഗഞ്ചാവ് ചെടി കാണപ്പെട്ടു എന്നത് കുറ്റം തെളിയിക്കാൻ പര്യാപ്തമല്ല. അതിന് ആവശ്യമായ സാഹചര്യതെളിവുകൾ കൂടി ഹാജരാക്കണം. ചിലപ്പോൾ ഏതെങ്കിലും കാരണത്താൽ വിത്തു വീഴുകയും പൊട്ടിമുളയ്ക്കുകയും ചെയ്യാം. |
| **7.** 03.03.2015 ഉച്ചക്ക് 1.15 മണിക്ക് കാർത്തികപ്പള്ളി എക്സൈസ് റെയ്ഞ്ച് ഇൻസ്പെക്ടർ, തമിഴ്നാട്-തേനി സ്വദേശിയായ പ്രതിയെ മുണ്ടക്കയം കെഎസ്ആർടിസി ബസ് സ്റ്റേഷൻ മാസ്റ്ററുടെ ഓഫീസിനു മുന്നിൽ നിന്നും 1.15 കിഗ്രാം ഗഞ്ചാവുമായി അറസ്റ്റ് ചെയ്തു. പ്രതി തമിഴ് നാട്ടുകാരനാണ്. മലയാളം നല്ലവണ്ണം | **7.** 50(1) പ്രകാരം പ്രതിയുടെ ദേഹം പരിശോധിക്കേണ്ടത് ഒരു ഗസറ്റഡ് ഓഫീസറുടേയോ മജിസ്ട്രേറ്റിൻറേയോ മുന്നിൽ വച്ച് ആകണം. അത് പ്രതിയുടെ നിയമപരമായ അവകാശമാണ്. പ്രതി മലയാളിയല്ലെങ്കിൽ അത് അയാൾക്ക് അറിയാവുന്ന ഭാഷയിൽ പറഞ്ഞ് |

| | |
|---|---|
| അറിയില്ല. ഇൻസ്പെക്ടർ 50(1) വകുപ്പ് പ്രകാരമുള്ള പ്രതിയുടെ അവകാശത്തെ സംബന്ധിച്ച് തമിഴും, മലയാളവും കലർത്തി അറിവ് നൽകി. ദേഹപരിശോധന നടത്തിയ എക്സൈസ് റെയ്ഞ്ച് ഇൻസ്പെക്ടർ ഗസറ്റഡ് ഉദ്യോഗസ്ഥൻ അല്ല. ഇക്കാരണത്താൽ 50(1) പാലിച്ചില്ല എന്ന് കണ്ട് പ്രതിയെ കുറ്റവിമുക്തരാക്കി. (SC.44/2017 NDPS, Court, തൊടുപുഴ). | മനസ്സിലാക്കി കൊടുക്കണം. അതുപോലെ ഗസറ്റഡ് ഓഫീസറുടേയോ, മജിസ്ട്രേറ്റിൻറേയോ സാന്നിദ്ധ്യം ഇല്ലാതെ ഗസറ്റഡ് ഓഫീസർ അല്ലാത്ത റെയ്ഞ്ച് ഇൻസ്പെക്ടർ നടത്തുന്ന ദേഹപരിശോധന, 50(1) വകുപ്പിൻറെ ലംഘനമാണ്. |
| **8.** 04.01.2015 വൈകിട്ട് 4.30 മണിക്ക് പ്രതിയെ രണ്ട് ബ്യൂപ്രിനോർഫിൻ ഇൻജക്ഷൻറെ 2 ml ആമ്പ്യൂളുമായി അറസ്റ്റ് ചെയ്ത കേസാണ്. ഇത് മുന്നറിവില്ലാതെ, പൊതു സ്ഥലത്തുനിന്നും പിടിച്ച കേസാണ്.<br><br>1) ഈ കേസിൽ ആദ്യം 42(2) പ്രകാരം ഉള്ള റിപ്പോർട്ട് കോടതിയിൽ നൽകുകയും, പിന്നീട്, ചാർജ്ജ്ഷീറ്റ് നൽകി രണ്ടുമാസം കഴിഞ്ഞ് മറ്റൊരു റിപ്പോർട്ട് നൽകി 42(2) പ്രകാരമുള്ള റിപ്പോർട്ട് തിരികെ വാങ്ങുകയും ചെയ്തു.<br>2) അതുപോലെ 50-ാം വകുപ്പ് പ്രകാരമുള്ള റിപ്പോർട്ടിൻറെ പകർപ്പ് കോടതിയിൽ ഹാജരാക്കിയത് ചാർജ്ജ് ഹാജരാക്കി രണ്ട് മാസം കഴിഞ്ഞാണ്.<br>3) 57-ാം വകുപ്പ് പ്രകാരം മേലുദ്യോഗസ്ഥന് നൽകിയ റിപ്പോർട്ടിൽ 50-ാം വകുപ്പ് പ്രകാരമുള്ള നടപടികൾ ചെയ്തതായി പറഞ്ഞു കാണുന്നില്ല. തൊണ്ടിയായ ആംപ്യൂളിൻറെ ലേബൽ ഇല്ല, എന്നാൽ ഒരു ചുവന്ന റിംഗ് അടയാളം ഉണ്ടായിരുന്നു. അത് മഹസ്സറിൽ രേഖപ്പെടുത്തിയില്ല. 4.10 PM ന് കണ്ടുപിടിച്ച കേസിസിൽ, 4.30 PM നാണ് അറസ്റ്റ്. എന്നാൽ അറസ്റ്റ് ഇൻറിമേഷനിൽ ഒപ്പിട്ടിരിക്കുന്നത് 90 KM അപ്പുറത്തുള്ള അച്ഛനും- ഇവയൊക്കെ കോടതിയിൽ പ്രോസിക്യൂഷൻ കേസ് പരാജയപ്പെടുന്നതിന് ഇടയാക്കി. (SC.353/2016 ജില്ലാ സെഷൻസ് കോടതി, എറണാകുളം.) | **8.**<br>1) 43-ാം വകുപ്പ് പ്രകാരമുള്ള (ഏതെങ്കിലും പൊതു സ്ഥലത്തുനിന്നും പൊതുവാഹനം, ഹോട്ടൽ, ഷോപ്പ് etc യാദൃശ്ചികമായി ലഭിക്കുന്ന) കേസുകൾക്ക് 42(2) പ്രകാരമുള്ള റിപ്പോർട്ട് ആവശ്യമില്ല.<br>2) 50-ാം വകുപ്പ് പ്രകാരം ശരീരപരിശോധന ഗസറ്റഡ് ഓഫീസറുടേയോ, മജിസ്ട്രേറ്റിൻറേയോ സാന്നിദ്ധ്യത്തിൽ നടത്തപ്പെടാൻ നിയമപരമായ അധികാരമുണ്ട് എന്ന് പ്രതിയെ പറഞ്ഞ് മനസ്സിലാക്കണം . 50-ാം വകുപ്പ് പ്രകാരമുള്ള റിപ്പോർട്ട് താമസംവിനാ കോടതിക്ക് നൽകുക.<br>3) മേൽ നടപടികൾ പൂർത്തിയായാൽ കേസിലെയും, എടുത്ത നടപടിക്രമങ്ങളുടേയും, പ്രതിയുടേയും മുതലിൻറേയും തീർപ്പിനെ സംബന്ധിച്ച് 48 മണിക്കൂറിനുള്ളിൽ മേലുദ്യോഗസ്ഥന് രേഖാമൂലം 57-ാം വകുപ്പ് പ്രകാരം റിപ്പോർട്ട് നൽകണം. ഈ റിപ്പോർട്ടിൽ വിവരം കിട്ടിയതിൻറേയും 50-ാം വകുപ്പ് പ്രകാരമുള്ള നടപടിക്രമത്തിൻറേയും, പ്രതി അറസ്റ്റിൻറേയും, മുതലുകളുടേയും, കേസ് രജിസ്റ്റർ ചെയ്തതിൻറേയും, പ്രതിയും മുതലും തീർപ്പാക്കിയതിൻറേയും വിവരം ഉൾപ്പെടുത്തണം.<br>4) ഒരു പ്രതിയുടെ അറസ്റ്റ് അയാളുടെ താൽപര്യ പ്രകാരമുള്ള ബന്ധുക്കളെ അറിയിക്കണം എന്നുള്ളത്, ക്രിമിനൽ നടപടിക്രമം 41 B(1) പ്രകാരം നിർബന്ധമാണ്.<br>5) കോടതിയിൽ നൽകുന്ന തൊണ്ടി മുതലുകളിലുള്ള അടയാളങ്ങൾ സംശയത്തിന് ഇടനൽകാത്ത വിധം രേഖപ്പെടുത്തണം. |

| | |
|---|---|
| | 6) കേസിലെ സംഭവങ്ങളുടെ ക്രമവും , സമയവും,സത്യസന്ധമായും, സൂക്ഷ്മതയോടും പിഴവുകളില്ലാതെ രേഖപ്പെടുത്തണം. |
| **9.** 15.02.2015 തീയതി സ്പെഷ്യൽ സ്ക്വാഡ് സർക്കിൾ ഇൻസ്പെക്ടർ ആലുവ-മൂന്നാർ റോഡിൽ പട്രോളിംഗ് നടത്തവേ ശ്രീധരൻ എന്ന ആളിൻറെ വീടിന് മുൻപിൽ കറുത്ത വാനിറ്റി ബാഗുമായി ഒരു സ്ത്രീ മയക്കുമരുന്ന് വിൽപന നടത്തുന്നതായി വിവരം ലഭിക്കുകയും 42(2) പ്രകാരം റിപ്പോർട്ട് നൽകുകയും ചെയ്തു. അവർ ബംഗാളി ആയിരുന്നു. (മലയാളം അറിയില്ല). ഒരു സിവിൽ എക്സൈസ് ഓഫീസറുടെ സഹായത്തോടെ കാര്യങ്ങൾ ചോദിക്കുകയും 50-ാം വകുപ്പ് പ്രകാരം ഗസറ്റഡ് ഓഫീസറുടേയോ മജിസ്ട്രേറ്റിൻറേയോ മുൻപിൽ വച്ച് ശോധന ചെയ്യാനുള്ള അവകാശം പറഞ്ഞ് മനസ്സിലാക്കുകയും, ഗസറ്റഡ് ഓഫീസറുടെ സാന്നിദ്ധ്യം ഉറപ്പാക്കുകയും, തുടർന്ന് ശ്രീധരൻറെ വീട്ടിലെ അടച്ചിട്ട മുറിയിൽ വച്ച് വനിതാ സിവിൽ എക്സൈസ് ഓഫീസർ ദേഹപരിശോധന നടത്തുകയും ഒരു പൊതി കണ്ടെടുക്കുകയും ആയത് പരിശോധിച്ചതിൽ 21 ഗ്രാം ഹെറോയ്ൻ ആണെന്ന് മനസ്സിലാകുകയും ചെയ്തു.<br>ഈ കേസിൽ<br>1. മലയാളം എഴുതാനോ വായിക്കുവാനോ അറിയാത്ത, ബംഗാളി ഭാഷ മാത്രം അറിയുന്ന പ്രതിക്ക് സെക്ഷൻ 50 പ്രകാരം നൽകിയ നോട്ടീസ് (P4) മലയാളത്തിൽ ഉള്ളതായിരുന്നു.<br>2. പരിഭാഷകന്, ബംഗാളിഭാഷ അറിയില്ലായിരുന്നു. ഹിന്ദിഭാഷ വേണ്ട പരിജ്ഞാനം ഉണ്ടായിരുന്നില്ല. 50-ാം വകുപ്പ് പാലിച്ചില്ല എന്ന് കോടതി വിലയിരുത്തി പ്രതിയെ വെറുതെ വിട്ടു. (SC.317/2016 അഡീഷണൽ സെഷൻസ് കോടതി VII, എറണാകുളം) | **9.**<br>1) എൻഡിപിഎസ് ആക്ട് 50-ാം വകുപ്പ് പ്രകാരം പ്രതിയുടെ ദേഹപരിശോധന ഒരു ഗസറ്റഡ് ഓഫീസറുടേയോ മജിസ്ട്രേറ്റിൻറേയോ സാന്നിദ്ധ്യത്തിൽ നടത്തപ്പെടാൻ നിയമപരമായി അവകാശമുണ്ട്. ആ അവകാശം മലയാളം എഴുതുവാനോ വായിക്കുവാനോ അറിയാത്ത ബംഗാളിഭാഷ മാത്രം അറിയുന്ന പ്രതിയ്ക്ക് മലയാളത്തിൽ നൽകുവാൻ പാടില്ല, മറിച്ച് പ്രതിയ്ക്ക് അറിയാവുന്ന ഭാഷയിൽ, വ്യക്തമായും, സ്പഷ്ടവും ആയ രീതിയിൽ നൽകണം.<br><br>2) തെളിവിലേക്ക് കൊണ്ടുവരുന്ന ദ്വിഭാഷി, പ്രതിക്ക് അറിയാവുന്ന ഭാഷയിൽ, വ്യക്തവും, സ്പഷ്ടവുമായി പരിഭാഷപ്പെടുത്തി നൽകാൻ പ്രാപ്തൻ ആയിരിക്കണം. (ഉദാഹരണമായി ബംഗാളി ഭാഷ പരിഭാഷപ്പെടുത്തിയ സാക്ഷിയോട് ഗസറ്റഡ് ഓഫീസർ എന്ന് ബംഗാളി ഭാഷയിൽ ശരിയായി എങ്ങനെ പറയും എന്ന് ചോദിച്ചാൽ പറയാൻ പ്രാപ്തൻ ആയിരിക്കണം). |
| 10. 07.03.2016 വൈകിട്ട് 6.15 മണിക്ക് ഇ.ഇ&എഎൻഎസ്എസ്, പാലക്കാട് സർക്കിൾ ഇൻസ്പെക്ടർ KL-15-856 KSRTC ബസ്സിൽ യാത്ര ചെയ്തുവന്ന | **10.** ബസ് പോലുള്ള പൊതു യാത്രാ സൗകര്യങ്ങളിൽ നിന്നും കേസ് കണ്ടെടുക്കുമ്പോൾ, ബസ്സിലെ ജീവനക്കാരായ കണ്ടക്ടർ, ഡ്രൈവർ, കഴിവതും യാത്രക്കാർ ഇവരെ |

| | |
|---|---|
| പ്രതിയെ കൂട്ടുപാത ജംങ്ഷനു സമീപം വച്ച് 2 കി.ഗ്രാം ഗഞ്ചാവ് കണ്ടെടുത്ത് അറസ്റ്റ് ചെയ്തു. പ്രോസിക്യൂഷൻ കേസ് പ്രകാരം കെ.എസ്.ആർ.ടി.സി ബസ് കോയമ്പത്തൂർ നിന്നും കോതമംഗലത്തേക്ക് വരികയായി രുന്നു. പ്രതി കോയമ്പത്തൂരു നിന്നും തൃശ്ശൂർക്കും. എക്സൈസ് പാർട്ടി പരിശോധിക്കുമ്പോൾ പ്രതി ബസിനകത്ത് നടുക്ക് നിൽക്കുകയായിരുന്നെന്നും, തോളിൽ തൂക്കിയിരുന്ന തുണി സഞ്ചിയിലായിരുന്നു ഗഞ്ചാവ് എന്നും, ബസിൽ നിന്നും ഇറക്കി, മഹസ്സർ തയ്യാറാക്കിയത് കൂട്ടുപാത ജംങ്ഷനിൽ ഉള്ള RGM ബേക്കറിക്ക് മുൻവശത്തു വച്ച് ആണെന്നുമാണ്.<br>ബസിലെ കണ്ടക്ടർ, ഡ്രൈവർ യാത്രക്കാർ ഇവരെ സാക്ഷിയാക്കിയിരുന്നില്ല എന്നതും, കോയമ്പത്തൂർ നിന്നും ബസ്സിൽ കയറിയ പ്രതിക്ക് പാലക്കാട് കൂട്ടുപാത ജംങ്ഷൻ വരെ സീറ്റുകിട്ടിയില്ലായെന്നതും, തോളിൽ തൂക്കിയിട്ട സഞ്ചിയിൽ ഗഞ്ചാവ് സൂക്ഷിച്ചുവെന്നതും, കോടതിക്ക് സംശയമുളവാക്കി. മാത്രമല്ല, കൃത്യമഹസ്സർ തയ്യാറാക്കിയ സ്ഥലം RGM എന്ന് മഹസ്സറിലും, RJM എന്ന് സീൻപ്ലാനിലും വ്യത്യസ്തമായി രേഖപ്പെടുത്തി. പ്രതിയുടെ തോളിൽ ഉണ്ടായിരുന്ന സഞ്ചിയിൽ നിന്നും ആണ് ഗഞ്ചാവ് കണ്ടെടുത്തത് എന്ന് പ്രോസിക്യൂഷന് കോടതിയിൽ തെളിയിക്കാനായില്ല.<br>(SC No..185/2017 സെഷൻസ് കോടതി, പാലക്കാട്) | സാക്ഷിയാക്കണം. മഹസ്സറും, സീൻപ്ലാനും തമ്മിൽ വ്യത്യസ്തമല്ല എന്ന് ചാർജ്ജ് നൽകുന്ന ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്. ബസ് ടിക്കറ്റ് പോലുള്ള യാത്രാ രേഖകൾ ട്രിപ്പ് ഷീറ്റുകൾ എന്നിവ കൂടി കസ്റ്റഡിയിൽ എടുക്കണം |
| **11.** 07.03.2018 തീയതി മണ്ണാർക്കാട് എക്സൈസ് ഇൻസ്പെക്ടർക്ക് എക്സൈസ് ഇൻറലിജൻസ് ബ്യൂറോയിൽ നിന്നും പാലക്കാട്-മണ്ണാർക്കാട് റൂട്ടിൽ ബസ്സിൽ സഞ്ചരിക്കുന്ന കറുത്ത ഉടുപ്പും ബ്രൗൺ കളർ പാൻറ്സും ധരിച്ച ഒരാൾ മയക്കുമരുന്ന് കടത്തിക്കൊണ്ടു വരുന്നതായി വിവരം ലഭിച്ചു. അന്ന് 3.30 PM ന് പ്രതിയെ മണ്ണാർക്കാട് മുൻസിപ്പൽ ബസ് സ്റ്റാൻഡിൽ നിന്നും ഒരു ബാഗിൽ സൂക്ഷിച്ച 3 കിഗ്രാം | **11.**<br>1. Information in writing മുൻകൂർ ലഭിച്ച വിവരം 72 മണിക്കൂറിനുള്ളിൽ മേലുദ്യോഗസ്ഥനെ രേഖാമൂലം അറിയിക്കണം. മേലുദ്യോഗസ്ഥൻ സ്വീകരിച്ചുവെന്ന് ഉറപ്പാക്കണം. |

| | |
|---|---|
| ഗഞ്ചാവ് പിടിച്ചെടുത്തു.<br>1. മണ്ണാർക്കാട് എക്സൈസ് ഇൻസ്പെക്ടർക്ക് എക്സൈസ് ഇൻറലിജൻസ് ബ്യൂറോയിൽ നിന്നും ലഭിച്ച വിവരം 42(1)-ാം വകുപ്പ് പ്രകാരം ഉള്ളതായിരുന്നു. അതിനാൽ 42(2) പ്രകാരം മേലുദ്യോഗസ്ഥനായ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർക്ക് രേഖാമൂലമുള്ള റിപ്പോർട്ട് നൽകണമായിരുന്നു. എന്നാൽ റിപ്പോർട്ട് നൽകിയതായോ, സർക്കിൾ ഇൻസ്പെക്ടർ സ്വീകരിച്ചതായോ, സർക്കിൾ ഇൻസ്പെക്ടർ സാക്ഷിയായോ വന്നില്ല.<br>2. 50-ാം വകുപ്പ് പ്രകാരം ദേഹപരിശോധനയ്ക്കുള്ള നിയമപരമായ അവകാശം പ്രതിയുടെ പിതാവിനെയാണ് പറഞ്ഞ് മനസ്സിലാക്കിയത്. ബംഗാളി ഭാഷ മാത്രം കൈകാര്യം ചെയ്യുന്ന പ്രതിക്ക് വിവരം നൽകിയത് മലയാളത്തിൽ ആണ്.<br>3. കുറ്റകൃത്യം തെളിയിക്കാൻ കഴിഞ്ഞുവെങ്കിലും 42(2), 50 വകുപ്പുകൾ പാലിച്ചില്ല എന്ന കാരണത്താൽ കേസ് പ്രതിക്ക് അനുകൂലമായി. (SC.373/2019 സെഷൻസ് കോടതി, പാലക്കാട്) | കോടതിയിൽ തെളിവ് ഹാജരാക്കണം.<br>2. 50 പ്രകാരമുള്ള പ്രതിയുടെ അവകാശം പ്രതിയെ, പ്രതിക്ക് അറിയാവുന്ന ഭാഷയിൽ തന്നെ പറഞ്ഞ് മനസ്സിലാക്കണം. |
| **12.** 10/10/2019 വൈകിട്ട് 3.00 മണിക്ക് പ്രതിയെ മുണ്ടക്കയം പ്രൈവറ്റ് ബസ് സ്റ്റാൻറിൽ നിന്നും 1.1 കിലോഗ്രാം ഗഞ്ചാവുമായി കാഞ്ഞിരപ്പള്ളി റെയ്ഞ്ച് ഇൻസ്പെക്ടർ അറസ്റ്റ് ചെയ്ത കേസാണ്.<br>പ്രതിയെ 50-ാം വകുപ്പ് പ്രകാരം ദേഹപരിശോധന ഒരു ഗസറ്റഡ് ഓഫീസറുടെയോ, മജിസ്ട്രേറ്റിൻറെയോ സാന്നിദ്ധ്യത്തിൽ നടത്താൻ നിയമപരമായ അവകാശം ഉണ്ട് എന്ന് അറിയിച്ചപ്പോൾ ഇൻസ്പെക്ടർ പരിശോധിച്ചാൽ മതി എന്ന് പറഞ്ഞതനുസരിച്ച് കാഞ്ഞിരപ്പള്ളി റെയ്ഞ്ച് ഇൻസ്പെക്ടർ ആണ് നടത്തിയത്. ആരിഫ് ഖാൻ VS സ്റ്റേറ്റ് ഓഫ് ഉത്തരാഖണ്ഡ് 2018(2) KLT SN 57 കേസിൽ ഗസറ്റഡ് ഓഫീസർമാരുടേയോ മജിസ്ട്രേറ്റിന്റെയോ സാന്നിദ്ധ്യത്തിൽ തന്നെ നടത്തണം എന്നും , ഗസറ്റഡ് ഓഫീസർ അല്ലാത്ത ഇൻസ്പെക്ടർ നടത്തിയാൽ അത് 50-ാം വകുപ്പിന് എതിരാണെന്നും, സ്റ്റേറ്റ് ഓഫ് പഞ്ചാബ് VS ബൽദേവ് സിംഗ് 1999(4) SC 593 എന്ന കേസിൽ 50-ാം വകുപ്പ് പാലിക്കാതെ | **12.** NDPS ആക്റ്റിൻറെ 50-ാം വകുപ്പ് പ്രകാരം ദേഹപരിശോധന ഗസറ്റഡ് ഓഫീസറുടെയോ, മജിസ്ട്രേറ്റിൻറെയോ സാന്നിദ്ധ്യത്തിൽ നടത്തണം. ഇവരുടെ സാന്നിദ്ധ്യമില്ലാതെ സിവിൽ എക്സൈസ് ഓഫീസർ, പ്രിവൻറീവ് ഓഫീസർ, അസിസ്റ്റൻറ് എക്സൈസ് ഇൻസ്പെക്ടർ, എക്സൈസ് ഇൻസ്പെക്ടർ എന്നിവർക്ക് 50-ാം വകുപ്പ് പ്രകാരം ദേഹപരിശോധന നടത്തുന്നതിന് നിയമപരമായ അധികാരമില്ല. |

| | |
|---|---|
| നടത്തുന്ന പരിശോധന തെളിവിൽ എടുക്കാൻ ആകില്ല എന്നും പറഞ്ഞിട്ടുള്ളത് കോടതി ചൂണ്ടിക്കാട്ടി. ഗസറ്റഡ് ഓഫീസർ അല്ലാത്ത ഇൻസ്പെക്ടറുടെ ശോധന 50-ാം വകുപ്പിന് വിരുദ്ധമാണ് എന്ന് കണ്ട് കോടതി കേസ് പ്രതിയ്ക്ക് അനുകൂലമായി തീർപ്പാക്കി. (SC.44/2017 NDPS കോടതി, തൊടുപുഴ) | |
| **13.** 30.01.2014 തീയതി പുലർച്ചെ 5 മണിക്ക് KL-2Q-8060-ാം നമ്പർ മോട്ടോർ ബൈക്കിൻറെ ടാങ്കിനകത്ത് 30 ആമ്പ്യൂൾ ബൂപ്രിനോർഫൈൻ ആമ്പ്യൂൾ സൂക്ഷിച്ച നിലയിൽ കണ്ട് കൊല്ലം എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ അറസ്റ്റ് ചെയ്ത കേസാണ് ഇത്.<br>ഈ കേസ് SC.524/2014 ആയി കൊല്ലം അഡീഷണൽ സെഷൻസ് കോടതി-IV വിചാരണ നടത്തുകയും 10 വർഷം കഠിനതടവും 1,00,000/- രൂപ പിഴ വിധിക്കുകയും ചെയ്തു. എന്നാൽ അപ്പീലിൽ പ്രതിയെ വെറുതെ വിട്ട ഹൈക്കോടതി ഇക്കാരണങ്ങൾ ചൂണ്ടിക്കാണിച്ചു.<br>i. കേസ് കണ്ടെടുത്ത സർക്കിൾ ഇൻസ്പെക്ടർ താൻ ഗസറ്റഡ് ഉദ്യോഗസ്ഥൻ ആണെന്നും, പ്രതിയുടെ ദേഹം പരിശോധിക്കപ്പെടുവാൻ ഒരു ഗസറ്റഡ് ഉദ്യോഗസ്ഥൻറേയോ, മജിസ്ട്രേറ്റിൻറേയോ സാന്നിദ്ധ്യം ആവശ്യപ്പെടാൻ നിയമപരമായ അധികാരം ഉണ്ടെന്നും, പ്രതി അത് വേണ്ട, സർക്കിൾ തന്നെ പരിശോധിച്ചാൽ മതിയെന്നും പറഞ്ഞതായി പറഞ്ഞു. എന്നാൽ പ്രതിയുടെ സമ്മതം രേഖപ്പെടുത്തിയിരുന്നില്ല. ദേഹത്ത് നിന്നും ഒന്നും കണ്ടെടുത്തില്ലായെങ്കിലും 50-ാം വകുപ്പ് പ്രകാരം ഉള്ള ശോധന നടപടിക്രമം പാലിക്കാതെയാണ് എന്ന് കോടതി വിലയിരുത്തി.<br>ii കേസ് കണ്ടെടുത്തശേഷം മേലുദ്യോഗസ്ഥന് നൽകിയ റിപ്പോർട്ടിൽ വേണ്ട വിവരം നിർബന്ധമായും രേഖപ്പെടുത്തേണ്ട കാര്യങ്ങൾ ഉണ്ടായിരുന്നില്ല.<br>iii. 67-ാം വകുപ്പ് പ്രകാരം സർക്കിൾ ഇൻസ്പെക്ടർ പ്രതിയിൽ നിന്നും കുറ്റസമ്മതമൊഴി രേഖപ്പെടുത്തുകയും എന്നാൽ അതിന് അനുയോജ്യമായ തെളിവുകൾ ഹാജരാക്കുന്നതിൽ പരാജയപ്പെടുകയും ചെയ്തു. (Crl.Apl.No.718 of 2016, High Court of Kerala) | **13.**<br>i. 50-ാം വകുപ്പ് പ്രകാരം ഒരു പ്രതിയുടെ ദേഹപരിശോധന നടത്തേണ്ടത് 42-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള നിഷ്പക്ഷനായ ഒരു ഗസറ്റഡ് ഓഫീസറുടേയോ , ഒരു മജിസ്ട്രേറ്റിൻറേയോ മുന്നിൽ വച്ചാണ്. അത് പ്രതിയുടെ നിയമപരമായ അവകാശമാണ്. സർക്കിൾ ഇൻസ്പെക്ടർ, കേസ് കണ്ടുപിടിച്ച ഉദ്യാഗസ്ഥൻ എന്ന നിലയിൽ സ്വതന്ത്രമായ ഗസറ്റഡ് ഓഫീസർ എന്ന് പറയുക പ്രയാസം ആണ്. അതിനാൽ 42 ൽ പറഞ്ഞിരിക്കുന്ന വകുപ്പുകളിലെ മറ്റൊരു ഗസറ്റഡ് ഉദ്യോഗസ്ഥനെ കണ്ടെത്തി, അയാളുടെ സാന്നിദ്ധ്യത്തിൽ ദേഹപരിശോധന നടത്തുന്നതാണ് ഉചിതം. ദേഹത്ത് നിന്നും NDPS Act പ്രകാരം കുറ്റകരമായ ഒന്നും കണ്ടെടുക്കാൻ ഇല്ലായെങ്കിലും മറ്റ് ഗസറ്റഡ് ഉദ്യോഗസ്ഥൻറെ സാന്നിദ്ധ്യം കിട്ടിയില്ലായെങ്കിലും, 50(5)-ാം വകുപ്പിൽ പറയുന്നതുപോലെ ക്രിമിനൽ നടപടിക്രമം 100-ാം വകുപ്പ് പ്രകാരം ദേഹപരിശോധന നടത്താവുന്നതും, 50(6) വകുപ്പ് പ്രകാരം 72 മണിക്കൂറിനുള്ളിൽ മേലുദ്യോഗസ്ഥനെ അങ്ങനെ ശോധന നടത്തിയ സാഹചര്യം രേഖാമൂലം അറിയിക്കേണ്ടതും ആണ്. പ്രതി, ദേഹപരിശോധനയ്ക്ക് ഗസറ്റഡ് ഓഫീസർ ആയ കേസ് കണ്ടുപിടിച്ച ഉദ്യോഗസ്ഥന് അനുമതി നൽകിയാൽ അത് പ്രതിയുടെ കൈയ്യക്ഷരത്തിൽ തന്നെ രേഖപ്പെടുത്തണം .<br>ii. 57-ാം വകുപ്പ് പ്രകാരം മേലുദ്യോഗസ്ഥന് നൽകുന്ന റിപ്പോർട്ടിൽ കേസ് കണ്ടുപിടിച്ച ദിവസം, സമയം, സ്ഥലം, പ്രതിയുടെ പേരും , വിവരങ്ങളും, പിടിച്ചെടുത്ത മയക്കമരുന്നിൻറെ രീതി , അളവ്, മറ്റ് വിവരങ്ങൾ, 42, 43, 50 പ്രകാരമുള്ള നടപടികളുടെ വിവരം , സാമ്പിൾ |

| | |
|---|---|
| | എടുത്ത വിവരം, കേസ് രജിസ്റ്റർ ചെയ്ത വിവരം, ഇവയെല്ലാം തന്നെ രേഖപ്പെടുത്തണം.<br>iii. 67-ാം വകുപ്പ് പ്രകാരമുള്ള മൊഴി കുറ്റ സമ്മതം ആയി കണക്കാക്കണം എന്നുണ്ട് എങ്കിൽ പ്രതിയുടെ കുറ്റകൃത്യത്തെപ്പറ്റിയുള്ള ശരിയായ വിവരണം ആയിരിക്കുകയും, അത് കുറ്റകൃത്യത്തിൽപ്പെട്ട വസ്തുവിനെപ്പറ്റിയും ആയിരിക്കുകയും വേണം. മാത്രമല്ല, കുറ്റസമ്മത മൊഴിയെ പിൻതാങ്ങുന്ന മറ്റ് തെളിവുകൾ കൂടി രേഖപ്പെടുത്തണം. |
| 14. 28.01.2002 തീയതി പ്രതികളായ ഭൂട്ടാസിംഗ്, ഗുർദീപ് സിംഗ്, ഗുർമഹേന്ദർ സിംഗ് എന്നിവർ ഹരിയാനയിലെ സുർഷ്യ -റോറി റോഡിൽ GUD 4997 നമ്പർ ജീപ്പിൽ വച്ച് ഒപ്പിയം വിൽക്കുന്നതായി നാന്ദ് ലാൽ പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർക്ക് വിവരം ലഭിച്ചു.<br>പ്രതിയായ മേജർ സിംഗ് രക്ഷപ്പെട്ടു. ഭൂട്ടാസിംഗിനേയും മറ്റും അറസ്റ്റ് ചെയ്യാനായി. ജീപ്പിൽ രണ്ട് കവറുകളിലായി 39, 36 കിലോഗ്രാം ഒപ്പിയം ചെടി വച്ചിരുന്നതായി കാണപ്പെട്ടു.<br>പ്രതികളോട് NDPS ആക്റ്റിൻറെ 50-ാം വകുപ്പ് പ്രകാരം ഗസറ്റഡ് ഓഫീസറുടെയോ മജിസ്ട്രേറ്റിൻറെയോ സാന്നിദ്ധ്യത്തിൽ ദേഹപരിശോധനയ്ക്കുള്ള നിയമപരമായ അവകാശം പറഞ്ഞുവെങ്കിലും അവർ അത് നിരസിച്ചു. കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണത്തിനു ശേഷം പ്രതികളുടെ പേരിൽ ചാർജ്ജ് നൽകി.<br><br>ഈ കേസിൽ SI യ്ക്ക് കിട്ടിയ രഹസ്യവിവരം രേഖപ്പെടുത്തിയിരുന്നില്ല. ജീപ്പിലെ വയർലെസ്സ് പ്രവർത്തനക്ഷമമല്ലായിരുന്നു. കോടതിയിൽ നിന്നും വാറണ്ട് വാങ്ങാത്തതിൻറെ കാരണം CD-യിൽ രേഖപ്പെടുത്തിയിരുന്നില്ല.<br>12.08.2004 ൽ വിചാരണ കോടതി മേജർ സിംഗിനെ വെറുതെ വിടുകയും , മറ്റ് മൂന്നു പ്രതികളേയും 10 വർഷം തടവിനും ഒരു ലക്ഷം രൂപ പിഴയ്ക്കും വിധിച്ചു.<br><br>ഹൈക്കോടതി ശിക്ഷ ശരി വച്ചു. | 14. ഒരു സ്വകാര്യ വാഹനം പൊതു സ്ഥലത്ത് ആണെങ്കിലും അത് സ്വകാര്യ സ്ഥലമായി കണ്ട് 42(1) പ്രകാരമുള്ള ശോധന നടത്തണം. മാത്രമല്ല 42(2) പ്രകാരം റിപ്പോർട്ട് മേലുദ്യോഗസ്ഥന് നൽകുകയും വേണം. ചുരുക്കത്തിൽ പൊതു സ്ഥലത്ത് വച്ച് സ്വകാര്യ വാഹനത്തിൽ പരിശോധന നടത്തുന്നത് 42-ാം വകുപ്പ് പ്രകാരമാണ്. 43-ാം വകുപ്പ് പ്രകാരമല്ല എന്ന് സാരം. |

| | |
|---|---|
| വിചാരണ കോടതിയിലും ഹൈക്കോടതിയിലും പ്രതികൾ ഉന്നയിച്ച വാദം, പോലീസ് പൊതുസ്ഥലത്ത് നിന്ന് പിടിച്ചതുകാരണം 43-ാം വകുപ്പ് പ്രകാരമാണ് നടപടി സ്വീകരിച്ചത്. എന്നാൽ വാഹനത്തിൽ നിന്നും പിടിച്ചതുകാരണം 42-ാം വകുപ്പ് പ്രകാരമുള്ള നടപടി ആയിരുന്നു സ്വീകരിക്കേണ്ടത് എന്നുമായിരുന്നു.<br>അപ്പീൽ സ്വീകരിച്ച സുപ്രീം കോടതി, ഒപ്പിയം പിടിച്ച GUD 4997 നമ്പർ ജീപ്പ്, പ്രൈവറ്റ് ജീപ്പായിരുന്നുവെന്നും, അത് പൊതു സ്ഥലത്ത് പാർക്ക് ചെയ്തിരിക്കുകയായിരുന്നുവെങ്കിലും ജീപ്പ് സ്വകാര്യ ഉടമസ്ഥതയിലുള്ളത് ആയതിനാൽ 42(1) പ്രകാരമുള്ള ശോധന ആണ് നടത്തേണ്ടിയിരുന്നത് 42(2) പ്രകാരമുള്ള റിപ്പോർട്ട് മേലുദ്യോഗസ്ഥന് നൽകേണ്ടിയിരുന്നുവെന്നും അത് നൽകിയില്ലായെന്നും സുപ്രീം കോടതി കണ്ടെത്തുകയും കേസ് വെറുതെ വിടുകയും ചെയ്തു. | |
| **15.** 22/08/2008 വൈകുന്നേരം 06.15 മണിക്ക് കാര്യാട് എന്ന സ്ഥലത്ത് നിന്നും 100 മില്ലി ലിറ്ററിൻെറ 47 കവർ ചാരായവുമായി പ്രതിയെ അറസ്റ്റ് ചെയ്ത കേസാണ്.<br>വിചാരണ കോടതി 8(2)അബ്കാരി ആക്റ്റ് പ്രകാരമുള്ള കുറ്റത്തിന് 3 വർഷം തടവും 10000/- രൂപ പിഴയും വിധിച്ചു.<br>കേസിൽ തൊണ്ടിമുതലുകൾ കോടതിയിൽ ഹാജരാക്കിയിരുന്നില്ല. മറിച്ച് ഇൻവെൻററി ആണ് ഹാജരാക്കിയത്.<br>ഇൻവെൻററി തയ്യാറാക്കേണ്ടത് 67 B പ്രകാരം നോട്ടിഫൈ ചെയ്ത ഉദ്യോഗസ്ഥനാണ് (SRO/2002 GO(P) No. 139/2002/TD dated 18/08/2002). ഈ കേസിലെ ഇൻവെൻററി കേസ് കണ്ടുപിടിച്ച പ്രിവൻറീവ് ഓഫീസർ തയ്യാറാക്കി അതിൽ ഒപ്പിട്ടിരുന്നു. അതുകൊണ്ട് ഇൻവെൻററി തയ്യാറാക്കിയത് Authorised Officer അല്ലായെന്നും ഡിസ്പോസൽ കമ്മറ്റി തൊണ്ടിമുതൽ തീർച്ചപ്പെടുത്തിയതിൻെറ രേഖ കോടതിയിൽ ഹാജരാക്കിയില്ലായെന്നും, 53 A പ്രകാരം പ്രാതിനിധ്യ സ്വഭാവമുള്ള സാമ്പിളുകൾ ശേഖരിച്ചില്ല എന്നും കണ്ട് ഹൈക്കോടതി കേസ് പ്രതിയ്ക്ക് അനുകൂലമായി തീർപ്പാക്കി. (Crl. Rev. Pet. No. 2143 of 2013, High Court of Kerala) | **15.** അബ്കാരി കേസിൽ ഇൻവെൻററി തയ്യാറാക്കേണ്ടത് Authorised Officer ആയിരിക്കണം. തൊണ്ടിമുതലുകൾ തീർച്ചപ്പെടുത്തിയതിൻെറ Disposal Committee തീരുമാനം കോടതിയിൽ ഹാജരാക്കണം. അതുപോലെ സാമ്പിളുകൾ ശേഖരിക്കുന്നതിന് (53A) പ്രാതിനിധ്യ സ്വഭാവം ഉണ്ടാകണം. |

സിദ്ദിക്ക് VS സ്റ്റേറ്റ് ഓഫ് കേരള എന്ന കേസിൽ (2018 KHC 756) Crl A No.126

of 2016 SC 39/2015 Special Court, Thodupuzha, CR.17/2014 Narcotic Enforcement Squad Idukki.

ബഹു. കേരള ഹൈക്കോടതി പറഞ്ഞത്, NDPS Act പ്രകാരമുള്ള കേസിൽ എത്രത്തോളം തെളിവുകൾ ഉണ്ടെങ്കിലും, 42,50,57 വകുപ്പുകൾ പ്രകാരമുള്ള നടപടികളിൽ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ പ്രതിയെ കുറ്റക്കാരനായി കണക്കാക്കാനാകില്ല എന്നാണ്.

ഇത് ചില കേസുകൾ മാത്രം. നടപടിക്രമങ്ങൾ കൃത്യമായി പാലിച്ചാൽ മാത്രമേ കേസുകൾ ശിക്ഷയിൽ അവസാനിക്കുകയുള്ളൂ. ശരിയായ പ്രോസിക്യൂഷൻ ക്രിമിനൽ ജസ്റ്റിസ് സിസ്റ്റത്തിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്.

**S. AANANTHAKRISHNAN IPS**
Signature valid
Digitally signed by AANANTHAKRISHNAN S
Date: 2021.05.03 15:21:52 IST
Reason: Approved

**എക്സൈസ് കമ്മീഷണർ**

ഗ്രാഹകൻ: 1. അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെൻറ്)
2. വിജിലൻസ് ഓഫീസർ, എക്സൈസ്.
3.. ജോയിൻറ് എക്സൈസ് കമ്മീഷണർമാർ (എല്ലാം)
4. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ (എല്ലാം)
5. അസിസ്റ്റൻ്റ് എക്സൈസ് കമ്മീഷണർ (എല്ലാം)

പകർപ്പ്: 1. എക്സൈസ് കമ്മീഷണറുടെ C.A.
2. അഡീഷണൽ എക്സൈസ് കമ്മീഷണറുടെ C.A
3. ഉത്തരവ് ഫയൽ / കരുതൽ ഫയൽ.